## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3679** **20.10.2016-ൽ മറുപടിക്ക്**

### പാർട്ടൈം ഹിന്ദി അദ്ധ്യാപിക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ അംഗീകൃത വിദ്യാലയങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപക - അനദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) അൺ ഇക്കണോമിക് സ്കൂളുകളിൽ ശരാശരി 15 കുട്ടികൾ വീതവും എൽ.പി സ്കൂളുകളിൽ 60-ഉം യു.പിസ്കൂളുകളിൽ (എൽ.പി+യു.പി) 105-ഉം കുട്ടികളുള്ള സ്കൂളുകളിലെ നിയമനം അതാത് വിദ്യാഭ്യാസ ആഫീസർമാർ ദിവസ വേതനാടിസ്ഥാനത്തിലും തുടർന്ന് ടി നിയമന ഉത്തരവുകൾ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി റഗുലർ ശമ്പള സ്കെയിലിലും ക്രമീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ നമ്പർ 631703/ജെ2/16/പൊ.വി.വ തീയതി, 01.08.2016 ഉത്തരവ് പ്രകാരം ഉപ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിൽ അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) കൊല്ലം ഡി.ഡി ആഫീസിന്റെ പരിധിയിലുള്ള ശാസ്താംകോട്ട എ.ഇ.ഒ ആഫീസിന്റെ കീഴിലുള്ള കണത്താർകുന്ന് സെന്റ്-ആന്റ്രൂസ് യു.പി.സ്കൂളിലെ പാർട്ടൈം ഹിന്ദി അദ്ധ്യാപിക ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം അംഗീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) 2015-16 വർഷം ജൂൺ 1 മുതൽ നിയമിതയായ ശ്രീമതി.ലീലാമ്മാ ഫിലിപ്പിന്റെ നിയമനം സ്കൂൾ അൺ-ഇക്കണോമിക് ആയതിനാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (സി) ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം അംഗീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി വേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) 29.09.2016-ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെയും 06.11.2012-ലെ നമ്പർ 58604/ജെ2/2012/പൊ.വി.വ സർക്കുലറിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി.ലീലാമ്മ ഫിലിപ്പിന്റെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ അല്ലാതെ റഗുലർ ശമ്പള സ്കെയിലിൽ ക്രമീകരിക്കുന്നതിന് വ്യവസ്ഥകളില്ല. |

സെക്ഷൻ ഓഫീസർ